ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:17.07.2025**

## പ്രധാനവാർത്തകൾ

1) രാജ്യത്തെ റെയിൽവേ സ്റ്റേഷനുകൾ നവീകരണത്തിൻറെ പാതയിലാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയിലൂടെ നവീകരിച്ച കേരളത്തിലെ ആറ് റെയിൽവേ സ്റ്റേഷനുകൾ പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിച്ചു.

2) സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ ദീർഘകാല നടപടികളിലൂടെ മാത്രമേ സാധിക്കൂ എന്ന് മന്ത്രി സണ്ണി ജോസഫ്. പ്രതിസന്ധിക്ക് കാരണം സംസ്ഥാന സർക്കാർ മുന്നൊരുക്കങ്ങൾ നടത്താത്തതാണെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ

3) വിദ്യാലയങ്ങളിൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്ന കനിപ്പന്തൽ പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കമായി. മന്ത്രി ടി സിദ്ദിഖ് ഉദ്ഘാടനം നിർവ്വഹിച്ചു .

4) സംസ്ഥാനത്ത് ഒന്നാം വർഷ ഹയർസെക്കൻററി പരീക്ഷ ഫലം പ്രഖ്യാപിച്ചു. സൈബർ ആക്രമണം മൂലം വെബ്സൈറ്റുകളിൽ ഫലം വൈകും.

RNUTVPM

5) കീം പരീക്ഷയിൽ വരും വർഷം കാലോചിതമായ മാറ്റം വരുത്തുമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം ജോൺ

6) സംസ്ഥാനത്ത് വീണ്ടും മഴ കനക്കുന്നു. തൃശൂർ ജില്ലയിൽ ഇന്ന് ഓറഞ്ച് ജാഗ്രത. 10 ജില്ലകളിൽ മഞ്ഞ ജാഗ്രത..

**പ്രധാനമന്ത്രി (ഇൻട്രോ)**

രാജ്യത്തെ റെയിൽവേ സ്റ്റേഷനുകൾ നവീകരണത്തിൻറെ പാതയിലാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.കേരളം ഉൾപ്പെടെ 20 സംസ്ഥാനങ്ങളിൽ അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയുടെ ഭാഗമായി നവീകരിച്ച 75 റെയിൽവേ സ്റ്റേഷനുകളുടെ ഉദ്ഘാടനം ജലന്ധറിൽ നിർവഹിക്കുകയായിരുന്നു

പ്രധാനമന്ത്രി. സാധാരണക്കാരൻറെ സമയത്തിനും അധ്വാനത്തിനും വിലകൽപ്പിക്കുന്നതിനാലാണ് അതിവേഗ ട്രെയിനുകളും, അത്യന്താധുനിക സ്റ്റേഷനുകളും രാജ്യത്ത് ഉറപ്പുവരുത്തുന്നതെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്)

**കണ്ണൂർ -ഇൻട്രോ**

RIJU TVPM

കേരളത്തിലെ അങ്കമാലി, ചാലക്കുടി, തലശ്ശേരി, തിരൂർ, പരപ്പനങ്ങാടി, നിലമ്പൂർ എന്നീ ആറ് റെയിൽവേ സ്റ്റേഷനുകളാണ് പ്രധാനമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്തത്. തിരൂർ സ്റ്റേഷൻ 26.5 കോടി രൂപ ചെലവിലും, തലശ്ശേരി സ്റ്റേഷൻ 22.32 കോടി രൂപ ചെലവഴിച്ചും പരപ്പനങ്ങാടി സ്റ്റേഷൻ 14 കോടിയിലേറെ തുകയ്ക്കുമാണ് നവീകരിച്ചത്. നിലമ്പൂർ സ്റ്റേഷൻ നവീകരണത്തിന് 16.4 കോടി രൂപയും, ചാലക്കുടിയിൽ 8.87 കോടിയും, അങ്കമാലിയിൽ 9.28 കോടി രൂപയും ചെലവ് വന്നു. ആധുനിക രീതിയിലുള്ള പ്ലാറ്റ്ഫോമുകൾ , വെയ്റ്റിംഗ് ഹാളുകൾ, വിപുലമായ പാർക്കിംഗ് സൗകര്യം. ഭിന്നശേഷിക്കാർക്കും മുതിർന്ന പൗരന്മാർക്കുമായി റാമ്പ് എന്നിവയടക്കം വിപുലമായ ആധുനിക സൗകര്യങ്ങളാണ് സ്റ്റേഷനുകളിൽ സജ്ജീകരിച്ചിരിക്കുന്നത്. ചാലക്കുടിയിൽ നടന്ന പരിപാടിയെ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി അഭിസംബോധന ചെയ്തു. കണ്ണൂരിൽ നടന്ന പരിപാടിയിൽ എംപിമാരായ സി സദാനന്ദൻ മാസ്റ്റർ, ഷാഫി പറമ്പിൽ തുടങ്ങിയവർ പങ്കെടുത്തു.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ ശശിധരൻ***

***(വോയിസ്)***

RNU TVPM

അങ്കമാലി, തിരൂർ, പരപ്പനങ്ങാടി, നിലമ്പൂർ സ്റ്റേഷനുകളിൽ നടന്ന ഉദ്ഘാടന ചടങ്ങുകളിലും ജനപ്രതിനിധികൾ ഉൾപ്പെടെ പ്രമുഖർ പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁

**മിഷൻ സമുദ്ര**

മിഷൻ സമുദ്രയുടെ ഭാഗമായ വിവിധ പദ്ധതികളിലൂടെ 10,000 കോടിയോളം രൂപയുടെ ആകെ നിക്ഷേപം സംസ്ഥാനത്തേക്ക് ആകർഷിക്കുമെന്നാണ് മുഖ്യമന്ത്രി വി.ഡി സതീശൻ അടുത്തിടെ ഒരു ടി.വി ചാനലിന് നൽകിയ അഭിമുഖത്തിൽ സൂചിപ്പിച്ചതെന്ന് സംസ്ഥാന സർക്കാർ. ഏതെങ്കിലും ഒരു സ്ഥാപനവുമായി ഇത്രയും തുകയുടെ കരാർ ഉറപ്പിച്ചെന്നല്ല പറഞ്ഞതെന്നും പത്രക്കുറിപ്പിൽ വ്യക്തമാക്കുന്നു. കേരളത്തിൽ കപ്പൽ നിർമാണത്തിനായി ടാറ്റ ഗ്രൂപ്പ് എത്തുമെന്ന് മുഖ്യമന്ത്രി പറഞ്ഞത്, ടാറ്റ ഗ്രൂപ്പ് നിഷേധിച്ചതായി വിവിധ മാധ്യമങ്ങൾ വാർത്ത നൽകിയ പശ്ചാത്തലത്തിലാണ് വിശദീകരണം.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**സണ്ണി ജോസഫ് (ഇൻട്രോ)**

സംസ്ഥാനം കടുത്ത വൈദ്യുതി ഉപഭോഗ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നതെന്നും

ദീർഘകാലാടിസ്ഥാനത്തിലുള്ള നടപടികളിലൂടെ മാത്രമേ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാനാകൂ എന്നും വൈദ്യുതി മന്ത്രി സണ്ണി ജോസഫ്. നിലവിലെ സാഹചര്യം മറികടക്കാൻ ജനങ്ങൾ വൈദ്യുതി ഉപഭോഗം പരമാവധി കുറച്ച് സർക്കാരുമായി സഹകരിക്കണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.

(ഹോൾഡ് വോയിസ് )

അതേസമയം കേരളത്തിലെ വൈദ്യുതി പ്രതിസന്ധിക്ക് കാരണം സംസ്ഥാന സർക്കാർ ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താത്തതാണെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ വിമർശിച്ചു. ഓണപ്പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന കുട്ടികൾക്ക് ഉൾപ്പെടെ വൈദ്യുതി നിയന്ത്രണം ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

## കനിപ്പന്തൽ

കുട്ടികളുടെ പോഷകസുരക്ഷയും ആരോഗ്യകരമായ ജീവിതശൈലിയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കൃഷിവകുപ്പ് സംസ്ഥാനത്തുടനീളം നടപ്പാക്കുന്ന "കനിപ്പന്തൽ – ഇനി വിദ്യാലയങ്ങളിലും" പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ടി സിദ്ദിഖ് വയനാട്ടിൽ നിർവ്വഹിച്ചു .മാവ്, പ്ലാവ്, പേര, നെല്ലി, സപ്പോട്ട,

റമ്പൂട്ടാൻ, മാങ്കോസ്റ്റിൻ, പാഷൻ ഫ്രൂട്ട് തുടങ്ങി വിവിധ ഫലവൃക്ഷങ്ങളാണ് വിദ്യാലയങ്ങളിൽ നട്ടുപിടിപ്പിക്കുന്നത്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 2,921 തെരഞ്ഞെടുത്ത വിദ്യാലയങ്ങളിലാണ് പഴവർഗ്ഗ പോഷകത്തോട്ടങ്ങൾ ഒരുക്കുന്നത്.

**അമിക്കസ് ക്യൂറി**

വയനാട് കള്ളാടി മണ്ണിടിച്ചിൽ ദുരന്തത്തിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിക്കെതിരെ ഹൈക്കോടതിയിൽ റിപ്പോർട്ട് നൽകി അമിക്കസ് ക്യൂറി. അതോറിറ്റിക്ക് വീഴ്ച പറ്റിയതായും, ദുരന്തസാധ്യതയുള്ള പദ്ധതിയെ കുറിച്ച് അന്വേഷിക്കാൻ ഉത്തരവാദിത്വം ഉണ്ടായിട്ടും അത് ചെയ്തില്ലെന്നും റിപ്പോർട്ടിൽ പരാമർശിക്കുന്നു

**ഹയർ സെക്കന്ററി**

സംസ്ഥാനത്ത് ഒന്നാം വർഷ ഹയർസെക്കൻററി പരീക്ഷ ഫലം പ്രഖ്യാപിച്ചു. 2026 മാർച്ചിൽ പരീക്ഷ എഴുതിയ 4 ലക്ഷത്തി 10,190 പേരിൽ 4 ലക്ഷത്തി 4, 722 പേരുടെ ഫലം ലഭ്യമായി. സർക്കാർ വെബ്സൈറ്റുകളിൽ ദേശീയ തലത്തിൽ സൈബർ ആക്രമണം

RIJUTVPM

നടന്നതിനാൽ വിശദമായ ഫലം വെബ്സൈറ്റുകളിൽ ലഭിക്കാൻ വൈകുമെന്ന് പരീക്ഷ ചുമതലയുള്ള ജോയിൻറ് ഡയറക്ടർ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**കീം**

കീം പരീക്ഷയിൽ വരും വർഷം കാലോചിതമായ മാറ്റം വരുത്തുമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം ജോൺ .പരീക്ഷ നടത്തിപ്പിലും, സീറ്റ് അലോട്ട്മെൻ്റിലും മാറ്റം വരുത്തും. പല കോളേജുകളിലും സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമാണെന്നും ഇത് പരിശോധിച്ച് നടപടി എടുക്കുമെന്നും മന്ത്രി വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**കർക്കിടകം**

രാമായണ മാസാചരണത്തിന് തുടക്കം കുറിച്ച് ഇന്ന് കർക്കടക്കം ഒന്ന്. തിരുവിതാംകൂർ ദേവസ്വം ബോർഡ് സംഘടിപ്പിച്ച രാമായണ മാസാചരണത്തിന്റെ ഉദ്ഘാടനം മന്ത്രി കെ മുരളീധരൻ തിരുവനന്തപുരത്ത് നിർവഹിച്ചു. കർക്കടവാവ് മുന്നൊരുക്കങ്ങൾ സംസ്ഥാനത്ത് മികച്ച രീതിയിൽ പുരോഗമിക്കുന്നതായി മന്ത്രി ചടങ്ങിൽ പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**ടൗൺ ബൈപ്പാസ് (ഇൻട്രോ)**

കടുത്തുരുത്തി ടൗണിൻറെ വർഷങ്ങളായുള്ള കാത്തിരിപ്പിന് വിരാമമിട്ടുകൊണ്ട് ടൗൺ ബൈപ്പാസ് നാളെ മുഖ്യ മന്ത്രി വി.ഡി.സതീശൻ നാടിന് സമർപ്പിക്കും.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാപ്രതിനിധി ദേവിക എസ് നായർ.....***

***(വോയിസ്)***

**മഴ**

സംസ്ഥാനത്ത് വീണ്ടും മഴ കനക്കുന്നു. തൃശൂർ ജില്ലയിൽ കേന്ദ്രകാലാവസ്ഥാവകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത നൽകി . പത്ത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. വടക്കൻ കേരളത്തിൽ നാളെയും മറ്റന്നാളും ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്.

RIJUTVPM

**ഫിഫ ലോകകപ്പ്**

ഫിഫ ലോകകപ്പ് ഫുട്ബാൾ ഫൈനലിന് ഇനി രണ്ട് ദിവസം കൂടി മാത്രം. ഞായറാഴ്ച രാത്രി 12.30 നാണ് ലോകം കാത്തിരിക്കുന്ന ആവേശ പോരാട്ടത്തിൽ, ലോക ചാമ്പ്യൻമാരായ അർജൻറീന, യൂറോപ്യൻ കരുത്തരായ സ്പെയിനെ നേരിടുക. അർജന്റീന 3 തവണയും സ്പെയിൻ ഒരു തവണയുമാണ് ലോകകപ്പ് കിരീടം നേടിയിട്ടുള്ളത്.

അർജൻറീനിയൻ ഫുട്ബോൾ ഇതിഹാസം ലയണൽ മെസ്സിയും, സ്പാനിഷ് യുവതാരം ലമീൻ യമാലും നേർക്കുനേർ വരുന്ന പോരാട്ടത്തിനായി ആരാധക ലോകം ആകാംഷയോടെ കാത്തിരിക്കുകയാണ്. ഞായറാഴ്ച പുലർച്ചെ 2.30 നാണ് ഇംഗ്ലണ്ടും, ഫ്രാൻസും തമ്മിലുള്ള ലൂസേഴ്സ് ഫൈനൽ .

## പി.വി. സിന്ധു

ജപ്പാൻ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റ് സെമിഫൈനലിൽ പ്രവേശിച്ച് ഇന്ത്യയുടെ പി.വി. സിന്ധു . ക്വാർട്ടർ ഫൈനൽ മത്സരത്തിൽ നിന്നും ജാപ്പനീസ് താരം നൊസോമി ഒകുഹാര പിന്മാറുകയായിരുന്നു. നാളെ നടക്കുന്ന സെമിഫൈനലിൽ സിന്ധു, ചൈനീസ് താരം ചെൻ യുഫൈ -യെ നേരിടും.

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 965 പോയിൻറ് ഉയർന്ന് 78,151 ലും നിഫ്റ്റി 262 പോയിൻറ് നേട്ടത്തിൽ 24,334 ലും വ്യാപാരം അവസാനിപ്പിച്ചു.

RIJU TVPM

സ്വർണവില കുറഞ്ഞു. പവന് 560 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 4,520 രൂപയും ഗ്രാമിന് 13,065 രൂപയുമാണ് ഇന്നത്തെ വില.

## വാർഷിക മസ്റ്ററിങ്

സഹകരണ പെൻഷൻ ബോർഡ് മുഖേന പെൻഷൻ വാങ്ങുന്നവർ 2026-ലെ വാർഷിക മസ്റ്ററിങ് സെപ്റ്റംബർ 30 നകം പൂർത്തിയാക്കണമെന്ന് നിർദ്ദേശം. 2026 ജനുവരി മാസത്തിന് മുൻപ് പെൻഷൻ ലഭിച്ചു തുടങ്ങിയവർക്ക് അക്ഷയ കേന്ദ്രം 'ജീവൻരേഖ' വഴി ബയോമെട്രിക് മസ്റ്ററിങ് പൂർത്തീകരിക്കാവുന്നതാണ്.

RNU TVPM